ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 26.01.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. രാഷ്ട്രം 76-ാം റിപ്പബ്ലിക് ദിനാഘോഷ നിറവിൽ. ന്യൂഡൽഹി കർത്തവ്യപഥിൽ പ്രൗഢ ഗംഭീര ആഘോഷങ്ങൾക്ക് നേതൃത്വം നൽകി രാഷട്രപതി ദ്രൗപദി മുർമു. മുഖ്യാതിഥിയായി ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ.

   **The Nation celebrates the 76th Republic Day today. President Droupadi Murmu leads the celebrations at Kartavya Path in New Delhi. President of Indonesia Prabowo Subianto attends the function as Chief Guest.**

2. റിപ്പബ്ലിക് ദിനത്തിൽ ദേശീയ യുദ്ധസ്മാരകത്തിൽ ധീര ജവാൻമാർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി; ഭരണഘടനയുടെ ആദർശങ്ങൾ ശക്തിപ്പെടുത്താനുള്ള അവസരമാണിതെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi pay tributes to the brave soldiers at the National War Memorial on Republic Day; This is an opportunity to strengthen the ideals of the Constitution says PM.**

3. കേരളത്തിലും വിപുലമായ റിപ്പബ്ലിക്ക് ദിനാഘോഷ പരിപാടികൾ; വികസിത ഭാരതമെന്ന ലക്ഷ്യത്തിനായുള്ള യാത്രയിൽ കേരളം മുൻനിരയിലെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

   **Extensive Republic Day celebrations in Kerala; Kerala is at the forefront in the journey towards the goal of Viksit Bharat says Governor Rajendra Vishwanath Arlekar.**

4. രാജ്യത്ത് ഏകീകൃത പെൻഷൻ പദ്ധതി ഏപ്രിൽ ഒന്നു മുതൽ നിലവിൽ വരുമെന്ന് കേന്ദ്രസർക്കാർ.

   **The Central Government says that the unified pension scheme will be implemented in the country from April 1.**

5. ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് മുഹമ്മദൻ എസ് സി, മുംബൈ സിറ്റി പോരാട്ടം.

**In ISL football, Mohammedan SC will face Mumbai City today.**

&&&&&&&&&&&&&&&&

## HEADLINE – 1,2
## DAY REPUBLIC DAY PARADE

രാഷ്ട്രം ഇന്ന് 76-ാമത് റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ രാഷ്ട്രപതി ദ്രൗപദി മുർമു ദേശീയ പതാക ഉയർത്തി. വർണോജ്ജ്വലമായ റിപ്പബ്ലിക് ദിന പരേഡിൽ മുഖ്യാതിഥിയായി ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ പങ്കെടുത്തു. പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ യുദ്ധ സ്മാരകത്തിൽ ധീരജവാൻമാർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചതോടെയാണ് ആഘോഷരിപാടികൾക്ക് തുടക്കമായത്. ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യവും സൈനിക ശക്തിയും പ്രകടമായ റിപ്പബ്ലിക് ദിന പരേഡിൽ കര വ്യോമ നാവിക സേനകൾക്കൊപ്പം പോലീസ്, അർധ സൈനിക വിഭാഗവും എൻ സിസി കേഡറ്റുകൾ തുടങ്ങിയ സംഘങ്ങളും അണിനിരന്നു. ഇന്തോനേഷ്യയിൽ നിന്നുള്ള 160 അംഗ മാർച്ചിംഗ് സംഘവും 190 അംഗ ബാൻഡ് സംഘവും പരേഡിൽ പങ്കെടുത്തു. സുവർണ ഭാരതം പൈതൃകവും വികസനവും എന്ന പ്രമേയത്തിൽ വിവിധ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾ, വകുപ്പുകൾ എന്നിവയിൽ നിന്നുള്ള 31 നിശ്ചല ദൃശ്യങ്ങളാണുണ്ടായിരുന്നത്. 47 വിമാനങ്ങളുടെ ഫ്ലൈപാസ്റ്റോടെയാണ് പരിപാടി അവസാനിച്ചത്.

(ഹോൾഡ്-മ്യൂസിക്)

&&&&&&&&&&&&&&&&

## RD - SPECIAL GUESTS

രാഷ്ട്രനിർമ്മാണത്തിലും സമൂഹനിർമ്മാണത്തിലും നൽകിയ സംഭാവനകളെ ആദരിക്കുന്നതിനായി, വിവിധ മേഖലകളിൽ നിന്നുള്ള പ്രത്യേക അതിഥികളെയാണ് റിപ്പബ്ലിക് ദിനാഘോഷ പരിപാടിക്ക് സാക്ഷ്യം വഹിക്കാൻ കേന്ദ്ര സർക്കാർ ക്ഷണിച്ചത്. ഗ്രാമങ്ങളിൽ നിന്നുള്ള സർപഞ്ചുമാർ, കരകൗശല, കൈത്തറി വിദഗ്ധർ, സ്വയംസഹായ സംഘ അംഗങ്ങൾ, ആശ, അംഗൻവാടി വർക്കർമാർ, റോഡ് നിർമ്മാണ തൊഴിലാളികൾ എന്നിവരുൾപ്പെടെ 34 വിഭാഗങ്ങളിലായി പതിനായിരം പേരാണ് പ്രത്യേക അതിഥികളായി കർത്തവ്യ പഥിൽ എത്തിയത്.

&&&&&&&&&&&&&&&&

## RD WISHES- VICE PRESIDENT

വികസിതഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ പ്രതിബദ്ധതയോട് കൂടി പ്രവർത്തിക്കണമെന്ന് റിപ്പബ്ലിക് ദിന സന്ദേശത്തിൽ ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ. സാമൂഹിക ഐക്യം, കുടുംബ മൂല്യങ്ങൾ, പരിസ്ഥിതി സംരക്ഷണം, സ്വദേശി മനോഭാവം, പൗരന്മാരുടെ കടമകൾ തുടങ്ങിയ മൂല്യങ്ങളെ പരിപോഷിപ്പിക്കാനും ഉപരാഷ്ട്രപതി ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&

## RD WISHES- PRIME MINISTER

പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ ജനങ്ങൾക്ക് റിപ്പബ്ലിക് ദിന ആശംസകൾ നേർന്നു. ഭരണഘടനയുടെ ആദർശങ്ങൾ സംരക്ഷിക്കുന്നതിനും, ശക്തവും സമൃദ്ധവുമായ ഇന്ത്യയ്ക്കായി പ്രവർത്തിക്കുന്നതിനുമുള്ള

ശ്രമങ്ങളെ ഈ അവസരം ശക്തിപ്പെടുത്തട്ടെയെന്ന് പ്രധാനമന്ത്രി ആശംസിച്ചു.

&&&&&&&&&&&&&&&&

## RD WISHES- MINISTERS

ഭരണഘടനാ മൂല്യങ്ങളിലുള്ള വിശ്വാസത്തിന്റെയും, സാമൂഹിക സമത്വത്തോടും ജനാധിപത്യത്തോടുള്ള സമർപ്പണത്തിന്റെയും പ്രതീകമാണ് റിപ്പബ്ലിക് ദിനമെന്ന് ആശംസാ സന്ദേശത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ജനാധിപത്യത്തെ ആഘോഷിക്കാനും, ഭരണഘടനയിലെ ആശയങ്ങളെയും മൂല്യങ്ങളെയും ആഘോഷിക്കാനുമുള്ള അവസരമാണ് റിപ്പബ്ലിക് ദിനമെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് അഭിപ്രായപ്പെട്ടു. ഭരണഘടനയുടെ ആദർശങ്ങൾ പരിരക്ഷിക്കാനും, ശക്തവും സമൃദ്ധവുമായ രാജ്യത്തിന് വേണ്ടി പ്രയത്നിക്കാനും സമർപ്പിക്കാമെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&

## EMBASSIES- RD CELEBRATION

നിരവധി വിദേശരാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളിലും റിപ്പബ്ലിക് ദിനം സമുചിതമായി ആഘോഷിച്ചു. ശ്രീലങ്കയിലെ കൊളംബോയിൽ ഇന്ത്യൻ ഹൈകമ്മീഷണർ സത്യാഞ്ചൽ പാണ്ഡെ ത്രിവർണ്ണപതാക ഉയർത്തി. സ്വാമി വിവേകാനന്ദ സാംസ്കാരിക കേന്ദ്രത്തിലെ വിദ്യാർഥികൾ, ശ്രീലങ്കൻ നാവിക സേന ഉദ്യോഗസ്ഥർ എന്നിവർ അണിനിരന്ന കലാപരിപാടികളും നടന്നു. ബംഗ്ലാദേശ് തലസ്ഥാനമായ ധാക്കയിൽ ഇന്ത്യൻ ഹൈ കമ്മീഷണർ പ്രണയ് വർമ്മ ദേശീയ പതാക ഉയർത്തി.

&&&&&&&&&&&&&&&&&

## RD WISHES- LOP

രാജ്യത്തിന്റെ അഭിമാനമാണ് ഭരണഘടനയെന്നും, അതിനെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് എല്ലാവരുടെയും കടമയാണെന്നും ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെയും ജനങ്ങൾക്ക് റിപ്പബ്ലിക് ദിന ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&

## RD - OTHER STATES,UT

എല്ലാ സംസ്ഥാനങ്ങളിലും ഗവർണറുമാരുടെ നേതൃത്വത്തിൽ റിപ്ലബ്ലിക് ദിനാഘോഷ പരിപാടികൾ നടന്നു. ദാദറിലെ ഛത്രപതി ശിവജി മഹാരാജ് മൈതാനിയിൽ ഗവർണർ സി പി രാധാകൃഷ്ണൻ ദേശീയ പതാക ഉയർത്തിയതോടെ മഹാരാഷ്ട്രയിൽ റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് തുടക്കമായി. ഝാർഖണ്ഡിൽ റാഞ്ചിയിലെ മൊർഹാബാദി ഗ്രൗണ്ടിൽ ഗവർണർ സന്തോഷ് കുമാർ ഗാംഗ്വാർ ദേശീയ പതാക ഉയർത്തി. ധീരതയ്ക്കും സ്തുത്യർഹ സേവനത്തിനും ഗവർണർ 44 പോലീസ് ഉദ്യോഗസ്ഥർക്ക് മെഡലുകൾ നൽകി ആദരിച്ചു. തെലങ്കാനയിൽ, സെക്കന്തരാബാദിലെ പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ ഗവർണർ ജിഷ്ണു ദേവ് വർമ്മ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചു. ഒഡീഷയിൽ സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷത്തിൽ ഗവർണർ ഹരി ബാബു കമ്പംപതി ദേശീയ പതാക ഉയർത്തി. മധ്യപ്രദേശിൽ ഭോപ്പാലിലെ ലാൽ പരേഡ് ഗ്രൗണ്ടിൽ ഗവർണർ മംഗുഭായ് പട്ടേൽ ദേശീയ പതാക ഉയർത്തി സംയുക്ത പരേഡിൻ്റെ അഭിവാദ്യം സ്വീകരിച്ചു. ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ റിപ്പബ്ലിക് ദിന ചടങ്ങ് ശ്രീ വിജയ് പുരത്തെ

മറീന പാർക്കിൽ നടന്നു. ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും റിപ്പബ്ലിക് ദിനം വിപുലമായി ആഘോഷിച്ചു. തലസ്ഥാന ദ്വീപായ കവരത്തി സ്കൂൾ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ഔദ്യോഗിക ചടങ്ങിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് Sandeep Kumar IAS ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും വിപുലമായ പരിപാടികൾ നടന്നു.

&&&&&&&&&&&&&&&&

## HEADLINE – 3
## KERALA-RD PGM - INTRO

കേരളത്തിലും വിപുലമായ റിപ്പബ്ലിക്ക് ദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിവാദ്യം സ്വീകരിച്ചു. വികസിത ഭാരതമെന്ന ലക്ഷ്യത്തിനായുള്ള യാത്രയിൽ കേരളം മുൻനിരയിലുണ്ടെന്ന് ഗവർണർ പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിൽ സന്നിഹിതനായി. സംസ്ഥാനത്തെ മറ്റു ജില്ലകളിലും മന്ത്രിമാരുടെ നേതൃത്വത്തിൽ റിപ്പബ്ലിക്ക് ദിനാഘോഷം നടന്നു. വിവിധ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കൊച്ചി ദക്ഷിണ മേഖല നാവിക കമാൻഡ് ആസ്ഥാനത്ത് നടന്ന റിപ്പബ്ലിക് ദിന ചടങ്ങിൽ ഫ്ലാഗ് ഓഫീസർ കമാൻഡിങ് ഇൻ ചീഫ്, വൈസ് അഡ്മിറൽ വി ശ്രീനിവാസ്, ഐ എൻ എസ് വെണ്ടുരുത്തിയിലെ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിച്ചു. തുടർന്ന് സീ കാഡറ്റുകൾ, എൻസിസി ഉൾപ്പെടെ 800 ലധികം പേർ പങ്കെടുത്ത പരേഡ് അദ്ദേഹം

പരിശോധിച്ചു. ചടങ്ങിന്റെ ഭാഗമായി ചേതക് ഹെലികോപ്റ്ററുകൾ പങ്കെടുത്ത ഫ്ലൈറ്റ് പാസ്റ്റ് നടന്നു.

&&&&&&&&&&&&&&&&

## WAYANAD

വയനാട്ടിലെ കടുവയെ വെടിവെച്ചു കൊല്ലുന്നത് നിയമപരമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമെന്ന് വനംമന്ത്രി എ കെ ശശീന്ദ്രൻ. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയ്ക്കുമാണ് പ്രാധാന്യമെന്ന് മന്ത്രി പറഞ്ഞു. കൽപ്പറ്റയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അതിനിടെ കടുവയ്ക്കായി തിരച്ചിൽ നടത്തുന്ന ദൗത്യ സംഘത്തിലെ ഉദ്യോഗസ്ഥന് കടുവയുടെ ആക്രമണത്തിൽ പരിക്കേറ്റു. പരിക്ക് ഗുരുതരമല്ലെന്ന് മന്ത്രി ഒ ആർ കേളു അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 4
## CENTRE- UPS

രാജ്യത്ത് ഏകീകൃത പെൻഷൻ പദ്ധതി ഏപ്രിൽ ഒന്നു മുതൽ നിലവിൽ വരുമെന്ന് കേന്ദ്രസർക്കാർ. കഴിഞ്ഞ വർഷം ആഗസ്റ്റിലാണ് കേന്ദ്രം പദ്ധതി അവതരിപ്പിച്ചത്. NPS പരിരക്ഷയുള്ള കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ആയിരിക്കും പദ്ധതിയ്ക്ക് അർഹത ഉണ്ടാവുക. എന്നാൽ ജീവനക്കാർക്ക് ഏകീകൃത പെൻഷൻ പദ്ധതി തിരഞ്ഞെടുക്കാതെ തന്നെ NPS ൽ തുടരാനും അവസരമുണ്ടാകും.

&&&&&&&&&&&&&&&&

## HEADLINE – 5

## ISL FOOTBALL

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് മുഹമ്മദൻ എസ് സി, മുംബൈ സിറ്റിയെ നേരിടും. രാത്രി ഏഴ് മുപ്പതിന് മുംബൈ ഫുട്ബാൾ അരീനയിലാണ് മത്സരം.

&&&&&&&&&&&&&&&&

## AUSTRALIAN OPEN TENNIS

ഓസ്ട്രേലിയൻ ഓപ്പൺ ടെന്നീസിൽ, ടോപ് സീഡായ യുഎസിൻറെ ടെയ്‌ലർ ടൗൺസെൻഡും ചെക്ക് താരം കാറ്ററീന സിനിയാക്കോവയും വനിതാ ഡബിൾസ് കിരീടം ചൂടി. മൂന്നാം സീഡ് ജോഡികളായ ലാത്വിയ, തായ്‌വാൻ സഖ്യത്തെ 6-2, 6-7, 6-3 എന്ന സ്കോറിനാണ് പരാജയപ്പെടുത്തിയത്. അതേസമയം, പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നർ ഇന്ന് ജർമ്മനിയുടെ അലക്സാണ്ടർ സ്വവ് രേവിനെ നേരിടും. ഉച്ചയ്ക്ക് 2 മണിക്കാണ് മത്സരം ആരംഭിക്കുക.

&&&&&&&&&&&&&&&&

## MAHAKUMBH

ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ നടക്കുന്ന മഹാ കുംഭമേള ഇന്ന് രണ്ടാഴ്ച പൂർത്തിയായി. ദിവസേന ലക്ഷക്കണക്കിന് ഭക്തരാണ് പുണ്യ സ്നാനം നടത്തുന്നത്. ചടങ്ങുകൾക്ക് ശേഷം തീർത്ഥാടകർ മേള പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള നിരവധി പ്രദർശനങ്ങളും പാവലിയനുകളും സന്ദർശിക്കുന്നുണ്ട്. നരേന്ദ്രമോദി ആപ്പിൻറെ പ്രദർശനവും ശ്രദ്ധേയമായി. മഹാകുംഭമേള അടുത്ത മാസം 26 വരെ തുടരും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&